©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

വാല്യം 7
Vol. VII

തിരുവനന്തപുരം, ചൊവ്വ
Thiruvananthapuram, Tuesday

2018 ആഗസ്റ്റ് 14
14th August 2018
1193 കർക്കടകം 29
29th Karkadakam 1193
1940 ശ്രാവണം 23
23rd Sravana 1940

നമ്പർ
No. 33

# PART III

## Notifications by Heads of Departments

# Agriculture Development and Farmers' Welfare Department

പുനർ ദർഘാസ് പരസ്യം

നമ്പർ ടി. ബി. (1) 2576/2018. 2018 ജൂലൈ 12.

തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തിൽ ജില്ലയിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പിന് ആവശ്യമായ വിത്തുതേങ്ങ, തെങ്ങിൻ തൈകൾ, മറ്റ് നടീൽ വസ്തുക്കൾ മുതലായവ വിവിധ ഉൽപ്പാദന കേന്ദ്രങ്ങളിലേക്കും ഉൽപ്പാദന കേന്ദ്രങ്ങളിൽനിന്നും വിവിധ കീഴാഫീസുകളിലേക്കും എത്തിക്കുന്നതിന് പേരെഴുതി മുദ്രവെച്ച ദർഘാസുകൾ താൽപര്യമുള്ള ലോറി ഉടമകളിൽ നിന്നും താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ക്ഷണിച്ചുകൊള്ളുന്നു. ഉദ്ദേശം 3 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

ദർഘാസ് ഫോറങ്ങൾ ` 600 + വാറ്റ് നിരക്കിൽ പ്രിൻസിപ്പൽ കൃഷി ഓഫീസിൽ നിന്നും വിലയ്ക്കോ മണി ഓർഡർ മുഖേനയോ 5-9-2018, ഒരുമണി വരെ വാങ്ങാവുന്നതാണ്. ദർഘാസ് ഫോറത്തിന്റെ അധിക പകർപ്പുകൾ ` 300 + വാറ്റ് നിരക്കിൽ ലഭിക്കുന്നതാണ്.

ദർഘാസ് ഫോറത്തിന്റെ വില യാതൊരു കാരണവശാലും മടക്കി കൊടുക്കുന്നതല്ല. ദർഘാസ് ഉൾക്കൊള്ളുന്ന കവറിന് പുറത്ത് "2018-19 വർഷത്തിൽ ഉൾപ്പാദനോപാധികൾ വിതരണം ചെയ്യുന്നതിനുള്ള ദർഘാസ്" എന്നെഴുതി പ്രിൻസിപ്പൽ കൃഷി ഓഫീസർ, കാർഷിക സമുച്ചയം, മ്യൂസിയം റോഡ്, ചെമ്പുക്കാവ്, തൃശ്ശൂർ-20 എന്ന മേൽവിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. മുദ്ര വെച്ച ദർഘാസിനോടൊപ്പം തൃശ്ശൂരിൽ മാറാവുന്നതും പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ പേരിൽ എടുത്തതുമായ ` 3,000-ന്റെ ഡിമാന്റ് ഡ്രാഫ്റ്റ് നിരതദ്രവ്യമായി അടക്കം ചെയ്യേണ്ടതാണ്. കൂടാതെ ദർഘാസുകാരൻ ` 250-ന്റെ മുദ്ര പത്രത്തിൽ ഒരു പ്രാഥമിക കരാറും ദർഘാസിനോടോപ്പം വെച്ചിരിക്കേണ്ടതാണ്. ദർഘാസുകൾ 7-9-2018, 3 മണി വരെ സ്വീകരിക്കുന്നതും ആയവ അന്നേദിവസം 4 മണിക്ക് ഹാജരുള്ള കരാറുകാരുടെയോ നിയമാനുസൃതം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഏജന്റുമാരുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ദർഘാസ്, മേലധികാരികളുടെ ഉത്തരവിന് വിധേയമായി അംഗീകരിക്കുന്നതുമാണ്. എന്തെങ്കിലും കാരണവശാൽ അന്നേദിവസം അവധി പ്രഖ്യാപി



Gaz. No. 33/2018/DTP (Agriculture).

ക്കപ്പെട്ടാൽ അതിനടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്ത് ദർഘാസ് തുറക്കുന്നതായിരിക്കും. നിരതദ്രവ്യം നൽകാത്തതോ മുദ്രപത്രത്തിൽ കരാർ അടക്കം ചെയ്യാത്തതോ വൈകി ലഭിക്കുന്നതോ ആയ ദർഘാസുകൾ സ്വീകരിക്കുന്നതല്ല.

ദർഘാസ് അംഗീകരിക്കുന്ന കരാറുകാരൻ ` 15,000 (പതിനയ്യായിരം രൂപ മാത്രം)-ന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് നൽകേണ്ടതും ` 250-ന്റെ മുദ്രപത്രത്തിൽ കരാർ ഒപ്പിടേണ്ടതുമാണ്.

യാതൊരു കാരണവും കാണിക്കാതെ ദർഘാസ് റദ്ദ് ചെയ്യുന്നതിനും ദർഘാസ് സംബന്ധിച്ച ഏതൊരു തീരുമാനം എടുക്കുന്നതിനും പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. വ്യവസ്ഥകളിലും നിബന്ധനകളിലും നിലവിലുള്ള എല്ലാ സർക്കാർ നടപടിക്രമങ്ങളും കരാറുകാരൻ പാലിക്കുവാൻ ബാദ്ധ്യസ്ഥനാണ്. ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും പ്രിൻസിപ്പൽ കൃഷി ഓഫീസിൽ നിന്നും നേരിട്ടറിയാവുന്നതാണ്.

## വ്യവസ്ഥകൾ

1. കരാർ പ്രാബല്യമാകുന്നത് മുതൽ 31-5-2019 വരെ ബാധകമായിരിക്കുന്നതാണ്.
2. കരാർ പ്രകാരം കുറഞ്ഞത് 4 ലോറികളെങ്കിലും ഒരേ സമയം ഏർപ്പെടുത്തുവാൻ സാധിക്കണം. (ഫ്ളീറ്റ് ഓണർമാർക്ക് മുൻഗണന നൽകുന്നതാണ്.)
3. (എ) വലിയ ലോറികളിൽ ചുരുങ്ങിയത് 4500 എണ്ണം DxT വിത്തുതേങ്ങകളോ/3000 എണ്ണം WCT/TxD വിത്തുതേങ്ങകളോ ഒറ്റ തട്ടിൽ 1500 എണ്ണം തെങ്ങിൻ തൈകളോ (കുത്തനെ) കുരുമുളക് വള്ളികൾ നട്ട 2000 കവറുകളോ കയറ്റാൻ പര്യാപ്തമായിരിക്കണം.

   (ബി) മിനി ലോറിയിൽ ചുരുങ്ങിയത് 1000 എണ്ണം വിത്തുതേങ്ങകളോ ഒറ്റതട്ടിൽ 750 എണ്ണം തെങ്ങിൻ തൈകളോ (കുത്തനെ) കയറ്റാൻ പര്യാപ്തമായിരിക്കണം.
4. വാടക, ട്രിപ്പിന് ലോഡുമായി ഓടുന്ന കിലോമീറ്ററിന് ഇത്ര രൂപ എന്ന അടിസ്ഥാനത്തിലായിരിക്കണം (ലോഡ് കിലോമീറ്ററിന് ഇത്ര രൂപ എന്ന നിരക്കിലായിരിക്കണം). പ്രസ്തുത നിരക്ക് 31-5-2019 വരെ സ്ഥിരവുമായിരിക്കും.
5. കൃഷി കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ വാഹനങ്ങളും ഇതേ ആവശ്യത്തിന് ഉപയോഗിക്കുന്നതായിരിക്കും. പ്രസ്തുത വാഹനങ്ങളുടെ ലഭ്യത കുറവ് വരുന്നപക്ഷം മാത്രമാണ് മേൽപ്പടി വാഹനങ്ങൾ ആവശ്യമായി വരുന്നത്.
6. ഒരു സ്ഥലത്തുനിന്ന് നടീൽ വസ്തുക്കൾ കയറ്റി ലക്ഷ്യസ്ഥാനത്തെത്തിയ ദൂരത്തിനാണ് ഓടിയ കിലോമീറ്ററായി കണക്കാക്കി വാടക നൽകുന്നത്. ആയതിന് ഏറ്റവും കുറഞ്ഞ ദൂരമായിരിക്കണം ഉപയോഗിക്കേണ്ടത്.
7. വാഹനങ്ങൾ കാത്തുനിൽക്കുന്ന സമയത്തിന് വെയിറ്റിംഗ് ചാർജ്ജ് നൽകുന്നതല്ല.
8. ലോറികൾ ആവശ്യമുള്ളപ്പോൾ മാത്രം വിളിക്കുന്നതായിരിക്കും.
9. ഡിപ്പാർട്ടുമെന്റ് വാഹനങ്ങളും ഇതേ ആവശ്യത്തിനായി ഉപയോഗിക്കുന്നതായിരിക്കും.
10. ഈ കരാർ പ്രകാരം നൽകുന്ന വാടക തുകയ്ക്ക് നിയമപ്രകാരമുള്ള ആദായനികുതി കിഴിവ് ബാധകമായിരിക്കും.
11. അസ്സൽ ടെണ്ടർ ഫോറത്തിന്റെ എല്ലാ പേജുകളും ഒപ്പിടേണ്ടതാണ്.
12. ടെണ്ടറിനോടൊപ്പം നിരതദ്രവ്യമായ ` 3,000 പ്രിൻസിപ്പൽ കൃഷി ഓഫീസർ, കാർഷിക സമുച്ചയം, മ്യൂസിയം റോഡ്, ചെമ്പുക്കാവ്, തൃശ്ശൂർ-20 എന്നപേരിൽ ഡിമാന്റ് ഡ്രാഫ്റ്റായി സമർപ്പിക്കേണ്ടതാണ്.
13. സാധനങ്ങൾ കടത്തുമ്പോൾ ഉണ്ടാകാവുന്ന എല്ലാ നഷ്ടങ്ങളും കരാറുകാരൻ വഹിക്കേണ്ടതും നഷ്ടം സംഭവിക്കുന്ന സാധനങ്ങളുടെ തുക കണക്കാക്കി നിരതദ്രവ്യത്തിൽ/കടത്തുകൂലിയിൽ നിന്നും ഈടാക്കുന്നതുമാണ്.
14. ടെണ്ടർ അംഗീകരിച്ചശേഷം നിബന്ധനകൾ പാലിക്കാതെ വന്നാൽ കൃഷി ഡയറക്ടറുടെ അനുമതിക്ക് വിധേയമായി തൊട്ടടുത്ത ദർഘാസുകാരന് കരാർ നൽകുന്നതും നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതുമാണ്.
15. പ്രിൻസിപ്പൽ കൃഷി ഓഫീസർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ നിർദ്ദേശിക്കുന്നതനുസരിച്ച് ആവശ്യമായ എണ്ണം ലോറികൾ സാധനങ്ങൾ കൊണ്ടുപോകുന്നതിനായി ലഭ്യമാക്കേണ്ടതാണ്.
16. ലേലം കൊണ്ടയാൾ നടീൽ വസ്തുക്കൾ കൊണ്ടുപോകുവാൻ ഉപയോഗിച്ച വാഹനങ്ങളുടെ ആർ. സി. ബുക്കിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.
17. കരാറുകാരന്റെ ക്ലെയിമിൽ നടീൽ വസ്തുക്കൾ കൊണ്ടുപോകുമ്പോൾ അനുഗമിച്ച ഉദ്യോഗസ്ഥന്റെ ഒപ്പും ഏറ്റവും കുറഞ്ഞ ദൂരത്തിലൂടെയാണ് ആയവ കൊണ്ടുപോയതെന്നുമുള്ള സാക്ഷ്യപ്പെടുത്തലും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. കൂടാതെ ക്ലെയിമിൽ സ്റ്റാർട്ടിംഗ് കിലോമീറ്ററും എന്റിംഗ് കിലോമീറ്ററും ആകെ സഞ്ചരിച്ച ദൂരവും രേഖപ്പെടുത്തേണ്ടതാണ്.

പ്രിൻസിപ്പൽ കൃഷി ഓഫീസ്, (ഒപ്പ്)
തൃശ്ശൂർ. പ്രിൻസിപ്പൽ കൃഷി ഓഫീസർ.

## ദർഘാസ് പരസ്യം

നമ്പർ സി. ഡി.146/2018. 2018 ജൂലൈ 7.

കാസറഗോഡ് ജില്ലയിലെ ആദൂർ, ഗാളിമുഖ കാഷ്യു പ്രോജനി ഓർച്ചാർഡിൽ 2018-19 വർഷത്തിൽ കാട്‌വെട്ടൽ ജോലികൾ ടെണ്ടർ വഴി നടത്തുന്നതിനായി കരാറുകാരിൽ നിന്ന് മുദ്രവെച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

1. കാഷ്യു പ്രോജനി ഓർച്ചാർഡ്, ആദൂർ—20 ഹെക്ടർ
2. കാഷ്യു പ്രോജനി ഓർച്ചാർഡ്, ഗാളിമുഖ—30 ഹെക്ടർ

ആകെ—50 ഹെക്ടർ

പരാമർശം—1 ഹെക്ടർ പ്രദേശം അടിക്കാട് വെട്ടുന്നതിന് ആവശ്യമായ തുകയാണ് ദർഘാസ് ഫോറത്തിൽ രേഖപ്പെടുത്തേണ്ടത്.

ദർഘാസ് ഫോറത്തിന്റെ വില—` 800 + ` 96 ( GST)= ` 896

നിരതദ്രവ്യം (എസ്. ബി. ഐ. കാസറഗോഡിൽ മാറാവുന്ന ഡി. ഡി.)—` 8,000

ദർഘാസ് ഫോറം ലഭിക്കുന്ന അവസാന തീയതിയും സമയവും—16-8-2018, 5 മണി വരെ.

ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—17-8-2018, 12 മണിവരെ.

ദർഘാസ് തുറക്കുന്ന തീയതിയും സമയവും—17-8-2018, 3 മണി.

## നിബന്ധനകൾ

1. ദർഘാസ് ഫോറത്തോടൊപ്പം ` 200-ന്റെ മുദ്രപത്രത്തിൽ പ്രാഥമിക സമ്മതപത്രം സമർപ്പിക്കേണ്ടതാണ്.
2. അംഗീകരിക്കപ്പെട്ട കരാറുകാരൻ നിരതദ്രവ്യം ഉൾപ്പെടെ 5% തുക സെക്യൂരിറ്റി ഡെപ്പോസിറ്റ് അടയ്ക്കേണ്ടതാണ്.
3. ഏതെങ്കിലും കാരണത്താൽ പ്രസ്തുത ദർഘാസ് ദിവസം അവധി ദിനമായാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ദർഘാസ് നടത്തുന്നതാണ്.
4. ദർഘാസ് കാരണമറിയിക്കാതെ റദ്ദാക്കുവാനോ മാറ്റിവെക്കുന്നതിനോ ഉള്ള അധികാരം താഴെ ഒപ്പിട്ടയാളിൽ നിക്ഷിപ്തമാണ്.
5. സർക്കാർ ടെണ്ടറുകൾക്കുള്ള എല്ലാ നിബന്ധനകളും ഇതിന് ബാധകമാണ്.

കശുമാവ് വികസന ഓഫീസ്, (ഒപ്പ്)
കാസർഗോഡ്. കശുമാവ് വികസന ഓഫീസർ.